# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 248 08/05/2017 -ൽ മറുപടി**

## ജലസംരക്ഷണനയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറക്കൽ അബ്ദുള്ള<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. സി. മമ്മൂട്ടി | മാത്യു റ്റി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ ജലസംരക്ഷണനയം പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) 2008-ലെ സ.ഉ.(പി)നം.31/2008/ജലവിവ. തീയതി 19.07.2008 പ്രകാരം പ്രഖ്യാപിച്ച സംസ്ഥാന ജലനയം-2008-ൽ ജലസംരക്ഷണത്തിന്റെയും കാര്യക്ഷമമായ വിനിയോഗത്തിന്റെയും ആവശ്യകത വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത നയത്തിന്റെ അടിസ്ഥാന കാഴ്ചപ്പാട് അനുസരിച്ച് ജല ലഭ്യത ഒരു മനുഷ്യാവകാശമാണ്. വെള്ളത്തിന്റെ നിയന്ത്രിത ഉപയോഗവും സംരക്ഷണത്തിന്റെ ഉത്തരവാദിത്വവും ഓരോ പൗരനിലും നിക്ഷിപ്തമാണ്. കൂടാതെ അടിസ്ഥാന ആവശ്യങ്ങൾക്ക് ന്യായമായ നിലയിൽ ജലം ലഭിക്കുവാനുള്ള ഓരോ പൗരന്റെയും അവകാശത്തെ നിയമം വഴിയോ പദ്ധതി പ്രവർത്തനത്തിലൂടെയോ സംരക്ഷിക്കപ്പെടേണ്ടതും നടപ്പിലാക്കേണ്ടതാണെന്നുള്ളതും ഉറപ്പാക്കേണ്ട പ്രധാന സംഗതിയാണ്. അതിനാൽ ജലത്തിന്റെ അഭംഗുരമായ സംരക്ഷണവും ബുദ്ധിപൂർവ്വമായ വിനിയോഗവും ജലത്തിന്റെ ശരിയായ ആസൂത്രണവും സംസ്ഥാന ജലനയം വിഭാവനം ചെയ്യുന്നു. പൊതുജന ആരോഗ്യം ഉറപ്പാക്കുന്നതിനും പ്രാദേശിക അസന്തുലിതാവസ്ഥ കുറയ്ക്കുന്നതിനും ഉള്ള ഒരു ചുറ്റുപാട് സൃഷ്ടിക്കാനും പ്രസ്തുത നയം വിഭാവനം ചെയ്യുന്നു. |

| | |
|---|---|
| (ബി) ഇല്ലെങ്കിൽ നിലവിലുള്ള (ബി) ജലദൗർലഭ്യം കൂടി കണക്കിലെടുത്ത് ജലസംരക്ഷണ നയം പ്രഖ്യാപിക്കുന്നതിനും നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ;വിശദമാക്കുമോ? | സംസ്ഥാന ജലനയത്തിൽ ജലസംരക്ഷണത്തിന്റെ ആവശ്യകത വ്യക്തമായി പ്രതിപാദിച്ചിട്ടുള്ളതിനാൽ പ്രത്യേക ജല സംരക്ഷണ നയത്തിന് പ്രസക്തിയില്ല. |

സെക്ഷൻ ഓഫീസർ